# അനധികൃതമായി മണ്ണ് കടത്താൻ ശ്രമിച്ച ടിപ്പർ ലോറികൾ ഷാഡോ പോലീസ് പിടികൂടി

എറണാകുളം റൂറൽ ജില്ലയിൽ അനധികൃതമായി മണ്ണ് കടത്തുന്നവർക്കെതിരെ റൂറൽ ജില്ല പോലീസ് മേധാവി ശ്രീ. എ.വി ജോർജ്ജ്.ഐ.പി.എസ് -ആവിഷ്കരിച്ച പുതിയ പദ്ധതി പ്രകാരം വിവിധ പോലീസ് സ്റ്റേഷൻ പരിധികളിൽ ഇന്നലെ നടത്തിയ പ്രത്യേക റെയ്ഡിൽ അനധികൃതമായി മണ്ണ് കടത്തുവാൻ ശ്രമിച്ച ടിപ്പർ ലോറികളും ,ജെ.സി.ബിയും ജില്ല പോലീസ് മേധാവിയുടെ ഷാഡോ പോലീസ് ടീം പുത്തൻകുരിശ് പോലീസ് സ്റ്റേഷൻ പരിധികളിൽപ്പെടുന്ന തിരുപ്പാമല, തമ്മാനിമറ്റം ഭാഗങ്ങളിൽ നിന്നും കുന്നത്തുനാട് പോലീസ് സ്റ്റേഷൻ പരിധിയിലെ കടയ്ക്കനാട് ഭാഗത്തുനിന്നുമായി പിടികൂടി.

ആലുവ റൂറൽ ജില്ല പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ്.ഐ.പി.എസ്- ന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി. ശ്രീ.വി.സുനിൽ കുമാറിൻെറ നിർദ്ദേശ പ്രകാരം ഷാഡോ പോലീസ് നടത്തിയ പരിശോധനയിലാണ് മൂന്ന് സ്ഥലങ്ങളിൽ നിന്നുമായി മണ്ണുൾപ്പെടെ 4 ടിപ്പർലോറികളും, ഒരു ജെ.സി.ബി.യും, പിടിച്ചെടുത്തത്. വാഹനങ്ങളുടെ ഡ്രൈവർമാരായ പാങ്ങോട് പാറപ്പുറത്ത് വീട്ടിൽ അനീഷ്,പഴുക്കാലയിൽ വീട്ടിൽ അനൂപ്, മേക്കടമ്പ് അഴയിടത്ത വീട്ടിൽ രജനീഷ്,പാങ്ങോട് ചിറയിൽ വീട്ടിൽ ജോസ്, മേക്കടമ്പ് എടത്തല വീട്ടിൽ വിനേഷ്, മേലേത്ത വീട്ടിൽ സുരേഷ് എന്നിവരെയും പിടികൂടി.

സ്പെഷ്യൽ ഷാഡോ പോലീസ് ടീമിൽ ഷാഡോ എ.എസ്.ഐ മാരായ ജോയ്, സജീവ് ചന്ദ്രൻ, പോലീസുകാരായ രാജേഷ്, ശ്യാംകുമാർ മുഹമ്മദ് എന്നിവരുണ്ടായിരുന്നു.

മണ്ണും, ലോറികളും, ജെ.സി.ബി യും പുത്തൻകുരിശ്, കുന്നത്തുനാട് പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റി റിപ്പോർട്ട് തയ്യാറാക്കി ജിയോളജിക്കൽ ഡിപ്പാർട്ട്മെൻറിന് കൈമാറി.

റൂറൽ ജില്ലയിൽ നിയമവിരുദ്ധമായി പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്നത് പിടികൂടുന്നതിനായി വ്യാപക റെയ്ഡുകൾ നടത്തി കർശന നടപടികൾ സ്വീകരിക്കാൻ ജില്ലാ പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.